LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണ തൊഴിൽദാന പദ്ധതി

34(1508) ശ്രീ. പി. ജെ. ജോയി:

ശ്രീ. വി. ജെ. പൗലോസ്:

ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിൽദാന പദ്ധതി പ്രകാരം നൽകുന്ന മാർജിൻ മണി ഗ്രാന്റ് എത്രയെന്നു പറയുമോ;

(ബി) പ്രസ്തുത ഗ്രാന്റ് നൽകുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത ഗ്രാന്റ് നൽകുന്നതിന് നടത്തിയിരുന്ന പരിശോധനകളുടെ എണ്ണം കുറച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമീണ തൊഴിൽദാന പദ്ധതി പ്രകാരം ബാങ്ക് അംഗീകരിക്കുന്ന പ്രോജക്ട് തുകയിൽ 10 ലക്ഷം രൂപ വരെ 25%വും ബാക്കി 25 ലക്ഷം വരെ 10%വും മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്നു. സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, വിമുക്തഭടൻമാർ, വികലാംഗർ, പിന്നോക്ക വിഭാഗക്കാർ, മതന്യൂന പക്ഷത്തിൽപ്പെട്ടവർ എന്നിവർക്ക് (പ്രോജക്ട് തുകയുടെ ആദ്യത്തെ 10 ലക്ഷം വരെ) 30% ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

(ബി, സി) കാലതാമസം ഒഴിവാക്കാൻ പരിശോധനകളുടെ എണ്ണം കുറച്ചിട്ടുണ്ട്. ഗ്രാന്റ് നൽകുന്നതിന് അപേക്ഷ ബാങ്കിലേക്ക് ശുപാർശ ചെയ്യുന്നതിനു മുമ്പ്, ആദ്യഗഡു വായ്പയുടെ വിനിയോഗം, മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്നതിനുമുമ്പ് മാർജിൻമണി ഗ്രാന്റ് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ വരവു വയ്ക്കുന്നതിനുമുമ്പ്, എന്നിങ്ങനെ 4 പരിശോധനകൾ നടത്തിയിരുന്നു. ഇപ്പോൾ 4-ാമത്തെ പരിശോധന മാത്രമേ നടത്തേണ്ടതുള്ളൂ എന്ന് തീരുമാനിച്ചിട്ടുണ്ട്.

സ്വയം തൊഴിൽ സഹായം

35(1509) ശ്രീ. കെ. മുഹമ്മദാലി:

ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: